# ഭൂകമ്പങ്ങൾ ഉണ്ടാകുന്നത്....

കുട്ടൻ

ഗുജറാത്തിലെ ഭൂകമ്പത്തിൽ മരണം ഒരു ലക്ഷത്തിലേറെയാകുമെന്ന് വാർത്തകൾ പറയുന്നു. പള്ളിപൊളിക്കാനും അമ്പലം പണിയാനും കാണിക്കുന്നതിന്റെ ചെറിയൊരംശം താല്പര്യം പോലും ദുരിതാശ്വാസകാര്യത്തിൽ ഭരണകർത്താക്കൾ കാണിക്കുന്നില്ലെന്ന് പരാതിയുണ്ട്.

ഭൂകമ്പം എന്തുകൊണ്ടുണ്ടാകുമെന്ന് കൃത്യമായി പറയാൻ കഴിയില്ലെങ്കിലും.........

ഭൂഗർഭജലം വാറ്റിയെടുക്കാൻ ലോകത്തിലേറ്റവുമധികം കുഴൽക്കിണറുകളുണ്ടാക്കിയ സ്ഥലം ഗുജറാത്താണ്. കടലിൽ നിന്നും 200 കിലോമീറ്റർ വരെ ഉപ്പുവെള്ളം ഭൂമിക്കടിയിലേയ്ക്ക് കയറിയിട്ടുണ്ട് ശുദ്ധജലം ഒഴിഞ്ഞുപോയിടത്തേയ്ക്ക്. ശുദ്ധജലം നൽകിയിരുന്ന മർദ്ദമില്ലാതാവുന്നതുവഴിയോ അവിടെ ഉപ്പുവെള്ളം കയറി ഭൂഗർഭപാതകൾ ദ്രവിച്ചതുവഴിയോ തകർന്നതാകുമോ ഭൂമി?

ദ ഹിന്ദു പത്രം (ജന. 28) റിപ്പോർട്ട് ചെയ്തത് നോക്കുക. അഹമ്മദാബാദിൽ തകർന്നുവീണ കെട്ടിടങ്ങളിൽ ബഹുഭൂരിപക്ഷവും പുതിയതായി പണിതീർത്തവയാണ്. വീഴാതെ നിൽക്കുന്നവയിൽ ബഹുഭൂരിപക്ഷവും പഴകിയവയും. നാം നേടിയെടുത്തതെന്ന് അവകാശപ്പെടുന്ന നിർമ്മാണവൈദഗ്ധ്യം ഇത്ര മെച്ചപ്പെട്ടതോ?

രണ്ടുവർഷത്തിലേറെ മുമ്പ് ഭൂമി കിലോമീറ്ററുകൾ കുഴിയുണ്ടാക്കിയ പൊഖ്റാൻ അണുവിസ്ഫോടനവും ഭൂകമ്പവും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ? ചിലപ്പോൾ ഇവയൊക്കെ ഒരിക്കലും ഉത്തരംകിട്ടാത്ത ചോദ്യങ്ങളായേക്കും.